പദ്ധതിയായാണ് സേവനപ്രദാന പദ്ധതിയെ പരിഗണിക്കുന്നത്. നീതിപൂർവ്വവും എല്ലാവർക്കും തുല്യ അവസരം ലഭിക്കുന്ന ഉയർന്ന നിലാവാരത്തിലുള്ളതുമായ സേവനം പൊതുജനങ്ങൾക്ക് നൽകുന്നതിന് സർക്കാർ മുന്തിയ പരിഗണന നൽകുന്നു. 2005-06-ൽ ഭരണ നവീകരണ പദ്ധതി നടപ്പിലാക്കുന്നതിനായി ഞാൻ 285 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 5 കോടി രൂപ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ സേവനപ്രദാന പദ്ധതിയുടെ മെച്ചപ്പെടുത്തലിനായി വിനിയോഗിക്കുന്നതാണ്.

പ്രവാസിക്ഷേമ വകുപ്പ് (നോർക്ക)

138. പ്രവാസി കേരളീയർക്ക് എല്ലാവിധ സൗകര്യങ്ങളും പ്രദാനം ചെയ്യുന്നതിന് തിരുവനന്തപുരത്ത് 400 ലക്ഷം രൂപ ചെലവിൽ "നോർക്ക സെന്റർ" സ്ഥാപിക്കുന്നതാണ്. സംസ്ഥാനം സന്ദർശിക്കുന്ന പ്രവാസി കേരളീയരുടെ ഔദ്യോഗികവും ബിസിനസ്സ് സംബന്ധവുമായ ആവശ്യങ്ങൾ ഈ കേന്ദ്രത്തിൽ നിർവ്വഹിക്കാവുന്നതാണ്.

139. വിദേശമലയാളികളെപ്പോലെ തന്നെ കേരളസർക്കാർ പ്രത്യേക പരിഗണന നൽകുന്ന ജനവിഭാഗങ്ങളാണ് മറുനാടൻ മലയാളികളും വിദേശത്തുനിന്ന് മടങ്ങിയെത്തിയവരും. ഈ വിഭാഗങ്ങളിൽ കൂടുതൽ ദുരിതമനുഭവിക്കുന്നവരുടെ ക്ഷേമം മുൻനിർത്തി അവരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി നോർക്ക വകുപ്പിന്റെ കീഴിലുള്ള നോർക്കാ-റൂട്ട്സ് എന്ന സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ഈ ആരോഗ്യ പദ്ധതിയിൽ ആദ്യഘട്ടമെന്ന നിലയിൽ 25000 പേർ അംഗങ്ങളാകും. ഇതിനാവശ്യമായ ഒരു നിശ്ചിത തുക സർക്കാർ സബ്സിഡിയായി നൽകും.

തുറമുഖം

140. വിഴിഞ്ഞം ഡീപ്വാട്ടർ ഇന്റർനാഷണൽ കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ വികസനത്തിനായി സ്വകാര്യ സംരംഭകരുടെ ദർഘാസുകൾ ലഭിച്ചു തുടങ്ങിയിട്ടുണ്ട്. ബി.ഒ.ടി. വ്യവസ്ഥകൾ 2005-06-ൽ തന്നെ തീരുമാനിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയിൽ സർക്കാരിനുള്ള പ്രതിബദ്ധതയ്ക്കു നിദാനമായി പദ്ധതിയുടെ ഫലപ്രദവും സമയബന്ധിതവുമായ നടത്തിപ്പിലേക്ക് സ്പെഷ്യൽ പർപ്പസ് കമ്പനി രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

അച്ചടി

141. നിർദ്ദിഷ്ട പ്രിന്റ് വില്ലേജ് പദ്ധതിയുടെ നടത്തിപ്പിനുള്ള നോഡൽ ഏജൻസിയായി അച്ചടി വകുപ്പിനെ നിയോഗിക്കുന്നതാണ്. സംസ്ഥാനത്തിന്റെ അച്ചടി ആവശ്യങ്ങൾ നിറവേറ്റുന്നതിനും വിദേശ ഓർഡറുകൾ പോലും സ്വീകരിക്കുന്നതിനും പര്യാപ്തമാകുന്ന തരത്തിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും നൽകുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly